**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5969** **25-03-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ എക്സ്പോകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങൾ പരിചയപ്പെടുത്തുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിലേക്ക് കൂടുതൽ സഹകരണ സ്ഥാപനങ്ങളെ എത്തിക്കുന്നതിനും ലക്ഷ്യമിട്ട് സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഇതിന്റെ ഭാഗമായി സഹകരണ എക്സ്പോകൾ സംഘടിപ്പിച്ചുവരുന്നുണ്ടോ; വിശദമാക്കുമോ; | (എ) | സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങൾ പരിചയപ്പെടുത്തുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിലേക്ക് കൂടുതൽ സഹകരണ സ്ഥാപനങ്ങളെ എത്തിക്കുന്നതിനും ലക്ഷ്യമിട്ട് സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2022, 2023 വർഷങ്ങളിൽ എറണാകുളം മറൈൻഡ്രൈവ് മൈതാനത്ത് വച്ച് സഹകരണ എക്സ്പോ സംഘടിപ്പിച്ചിരുന്നു.<br><br>സഹകരണ മേഖല കൈവരിച്ച നേട്ടങ്ങളും ഉയർത്തിപ്പിടിക്കുന്ന ബദൽ മാതൃകയും ഉൽപ്പാദനരംഗത്തെ ശ്രദ്ധേയമായ ചുവടുവയ്പുകളും പൊതു സമൂഹത്തിനു മുന്നിൽ കൊണ്ടു വരിക, സഹകരണ മേഖലയിലെ എല്ലാ സഹകരണ സംഘങ്ങളുടെയും ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുക, വിപണനം നടത്തുക, അന്തർദേശീയ, ദേശീയ, സംസ്ഥാന തലങ്ങളിൽ സഹകരണ പ്രസ്ഥാനം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ, ഏറ്റെടുത്ത വെല്ലുവിളികൾ, നടപ്പിലാക്കി വരുന്ന ജനപ്രിയ പ്രവർത്തനങ്ങൾ എന്നിവ ജനങ്ങളിൽ എത്തിക്കുക, സംസ്ഥാനത്തെ സഹകരണ മാതൃകകൾ ആഗോള, ദേശീയ തലത്തിൽ പരിചയപ്പെടുത്തുക, സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങൾക്ക് എല്ലാ മേഖലയിലും സ്ഥാനം ഉറപ്പിയ്ക്കുക, കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിലേയ്ക്ക് അവരെ കൊണ്ടെത്തിയ്ക്കുക,കേരളത്തിലെ സഹകരണ ഉൽപ്പന്നങ്ങളുടെ ഏകീകൃത ബ്രാൻഡ് ആയ coopkerala ബ്രാൻഡ് കൂടുതൽ പൊതുജനങ്ങളെ പരിചയപ്പെടുത്തുക, സഹകരണ മേഖലയിലെ പുതിയ ആശയങ്ങളുടെ പ്രൊഫഷണലിസവും സാങ്കേതിക വിദ്യയും പരിചയപ്പെടുത്തുക, കേരളത്തിലെ സഹകരണ മേഖലയിൽ നിന്നുള്ള ഉൽപ്പന്നങ്ങൾക്കും |

| | | | |
|---|---|---|---|
| | | | സേവനങ്ങൾക്കും ആഗോള വിപണി ലക്ഷ്യമിട്ട് നിലവാരമുള്ള മാർക്കറ്റ് വ്യാപനം നടത്തുക, സമ്പുഷ്ടമായ കേരള ഉപഭോക്തൃ വിപണിയിൽ സഹകരണ ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും വർദ്ധിച്ച സാന്നിധ്യം ഉണ്ടാക്കുക സഹകരണ മേഖലയിലെ കാലിക പ്രസക്തിയുള്ള വിവിധ വിഷയങ്ങളെക്കുറിച്ച് സെമിനാറുകളും, ചർച്ചകളും, സംഘടിപ്പിക്കുക, തുടങ്ങിയ ഉദ്ദ്യേശ ലക്ഷ്യങ്ങളോടെയാണ് സഹകരണ എക്സ്പോ സംഘടിപ്പിച്ചിട്ടുള്ളത്. |
| (ബി) | സഹകരണ മേഖലയുമായി ബന്ധപ്പെട്ട നൂതനാശയങ്ങൾ പങ്കുവയ്ക്കുന്നതിനും പ്രസ്തുത രംഗം നേരിടുന്ന ആഭ്യന്തരവും ബാഹ്യവുമായ വെല്ലുവിളികൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനും ഈ സർക്കാർ സംഘടിപ്പിച്ച സഹകരണ എക്സ്പോകളിലൂടെ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | സഹകരണ മേഖലയുമായി ബന്ധപ്പെട്ട നൂതനാശയങ്ങൾ പങ്കുവയ്ക്കുന്നതിനും പ്രസ്തുത രംഗം നേരിടുന്ന ആഭ്യന്തരവും ബാഹ്യവുമായ വെല്ലുവിളികൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനും സഹകരണ എക്സ്പോകളിലൂടെ സാധിച്ചിട്ടുണ്ട്.<br><br>സഹകരണ മേഖലയിലെ ഘടനാപരമായ മാറ്റം - വിഷൻ 2030, രാജ്യത്തിന്റെ സാമ്പത്തിക വളർച്ച -അടിസ്ഥാന സൗകര്യ –ഉൽപ്പാദന മേഖലകളിൽ സഹകരണ പ്രസ്ഥാനത്തിന്റെ ഇടപെടൽ, ഉപഭോക്തൃ, വിപണന സഹകരണ സംഘങ്ങളുടെ ആധുനിക വത്കരണവും വിവരസാങ്കേതികവിദ്യയും, കാർഷിക അനുബന്ധ മേഖലയും സഹകരണ സ്ഥാപനങ്ങളും - ആധുനിക കാഴ്ചപ്പാടുകൾ, പട്ടിക ജാതി പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിൽ സഹകരണ സ്ഥാപനങ്ങളുടെ പങ്ക്, സഹകരണ പ്രസ്ഥാനത്തിലെ സ്ത്രീ ശാക്തീകരണം – കാഴ്ചപ്പാടും പ്രായോഗികതയും, സഹകരണ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂട്ടായ്മ- പ്രാദേശിക സാമ്പത്തിക വികസനത്തിന്, ആധുനിക കൃഷി സമ്പ്രദായം – സഹകരണ മേഖലയുടെ ഇടപെടൽ, കേന്ദ്ര സർക്കാർ ഇടപെടലുകളും സഹകരണ മേഖല നേരിടുന്ന വെല്ലു വിളികളും, കയർ കൈത്തറി ഫിഷറീസ്-വ്യവസായ സഹകരണ സംഘങ്ങളുടെ വികസനത്തിന് ഒരു കർമ്മ പദ്ധതി, ഇ- ഗവേർണൻസ് സഹകരണ മേഖലയിൽ, തുടങ്ങി വിവിധ വിഷയങ്ങളിൽ എക്സ്പോയിൽ സെമിനാറുകളും, ചർച്ചകളും, സംഘടിപ്പിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ